**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.498 27.09.2016 -ൽ മറുപടിയ്ക്ക്

**വിദേശികളായ ടൂറിസ്റ്റുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) വിദേശികളായ താമസക്കാരെ കുറിച്ച് മുഴുവൻ വിവരങ്ങളും അടങ്ങുന്ന സി ഫോം യഥാസമയം സമർപ്പിക്കണമെന്ന നിർദ്ദേശം മിക്ക ഹോട്ടലുകളും ഹോം സ്റ്റേകളും പാലിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. 2010 വർഷത്തിലാണ് കേരള ടൂറിസം ഡിപ്പാർട്ട്മെന്റ് ഓൺ ലൈൻ സി-ഫോം സമർപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചത്. സി-ഫോം സംബന്ധിച്ച എല്ലാ വിവരങ്ങളും പോലീസ് ഡിപ്പാർട്ട്മെന്റുമായി ഷെയർ ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ സി-ഫോം വിവരങ്ങൾ ശേഖരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് ഒരു സ്വതന്ത്ര സോഫ്റ്റ് വെയർ തയ്യാറാക്കുകയും, പോലീസ് ഡിപ്പാർട്ട്മെന്റുകൾക്ക് വിവരം ശേഖരിക്കാൻ പ്രത്യേക 'User-ID' നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള ടൂറിസം ഡിപ്പാർട്ട്മെന്റിലെ സി-ഫോം Link പോലീസ് ഡിപ്പാർട്ട്മെന്റിലെ web-site ൽ നിന്നും de-link ചെയ്യുകയുണ്ടായി. നിലവിൽ സി-ഫോം സമർപ്പണം പരിശോധിക്കാൻ ടൂറിസം ഡിപ്പാർട്ട്മെന്റിന് സാധിക്കുന്നില്ല. സി-ഫോം സംബന്ധിച്ച വിവരങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കുന്നതിലേയ്ക്ക് ഒരു link share ചെയ്യുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര ആഭ്യന്തര വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |

(....2)

| | |
|---|---|
| ബി) ഇത് വിനോദ സഞ്ചാര മേഖലയിൽ സുരക്ഷാ ഭീഷണി ഉണ്ടാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) സുരക്ഷാ ഭീഷണി ഉണ്ടെന്നു കരുതുന്നില്ല. |
| സി) സി ഫോമിൽ ഉൾപെടാത്തവർ കുറ്റകൃത്യങ്ങളിലേർപെട്ടാൽ അവരെ കണ്ടെത്താൻ പോലിസിന് കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | സി) ബാധകമല്ല |
| ഡി) വിദേശടൂറിസ്റ്റുകൾ പങ്കാളികളാകുന്ന തട്ടിപ്പുകൾ സംസ്ഥാനത്ത് വർധിക്കാൻ ഇതു കാരണമാകുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഡി) ഇല്ല. |
| ഇ) എങ്കിൽ ഇതിന് പരിഹാരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | ഇ) ബാധകമല്ല |

സെക്ഷൻ ഓഫീസർ